# ക്രിസ്തുവിന്റെ സമാധാനം നിങ്ങളുടെ റഫറി ആയിരിക്കട്ടെ

സാക് പുന്നൻ

WFTW 25 ഒക്ടോബർ 2015

കൊലൊസ്യർ 3:15ൽ ഇങ്ങനെ എഴുതിയിരിക്കുന്നു ''ക്രിസ്തുവിന്റെ സമാധാനം നിങ്ങളുടെ ഹൃദയങ്ങളിൽ വാഴട്ടെ.'' നിങ്ങൾ പോകുന്നത് തെറ്റായ വഴിയിലാണെന്നു നിങ്ങൾ എങ്ങനെയാണ് അറിയുന്നത്? ദൈവഹിതം നിങ്ങൾക്കു നഷ്ടപ്പെട്ടു എന്ന് എങ്ങനെയാണ് നിങ്ങൾ അറിയുന്നത്? അതു വ്യക്തമായി കാണിക്കുവാൻ നിങ്ങളുടെ ഹൃദയത്തിനുള്ളിൽ ഒരു റഫറി ഉണ്ട്.

ഒരു റഫറി ഇല്ലാതെ ഒരിക്കലും ഒരു ഫുട്ബോൾ മത്സരം ഇല്ല. കാരണം റഫറി ഇല്ലെങ്കിൽ എല്ലാവരും ഒരു തടസ്സവുമില്ലാതെ കള്ളക്കളി കളിക്കും. എന്നാൽ അവിടെ ഒരു റഫറി ഉള്ളപ്പോൾ, ആരെങ്കിലും ഒരു തെറ്റു ചെയ്താൽ ഉടൻ തന്നെ റഫറി വിസിൽ ഊതുന്നു.

നിങ്ങൾ ഫുട്ബോൾ മത്സരത്തിൽ കളിക്കുകയാണെന്നും ആ റഫറി വിസിൽ ഊതുന്നു എന്നും നമുക്കു സങ്കല്പിക്കാം. അപ്പോൾ തന്നെ എല്ലാവരും കളി നിർത്തുന്നു. എന്നാൽ നിങ്ങൾ റഫറിയെക്കുറിച്ചു ചിന്തിക്കാതെ നിങ്ങൾ പറയുകയാണെന്നിരിക്കട്ടെ. ''ഇതു വളരെ അത്ഭുതകരമായിരിക്കുന്നു! ഇപ്പോൾ എല്ലാവരും കളി നിർത്തിയിരിക്കുന്നു. ഞാൻ പോയി ഒരു ഗോൾ നേടട്ടെ! നിങ്ങൾ ഒരു ഗോൾ അടിച്ചേക്കാം. എന്നാൽ റഫറി ഇങ്ങനെ പറയും: ''പന്ത് ഇപ്പോൾ തന്നെ തിരികെ കൊണ്ടുവരിക. ഇവിടെ ഒരു ഗോളും ഇല്ല. കാരണം വെറും രണ്ടു മിനിറ്റു മുമ്പെയാണ് നിങ്ങൾ തെറ്റായി ഒരു കളി കളിച്ചത്. ഈ തെറ്റു ശരിയാക്കുന്നതു വരെ ഒരു ഗോളും കണക്കിലെടുക്കുകയില്ല.'' അപ്പോൾ നിങ്ങൾക്കു വിനയത്തോടുകൂടി ആ പന്തു തിരികെ കൊണ്ടുവന്നിട്ട് ആ തെറ്റു ശരിയാക്കേണ്ടി വരുന്നു. റഫറി നേരത്തെ വിസിൽ ഊതിയതു കൊണ്ടു നിങ്ങൾ അടിച്ച ഗോൾ അംഗീകരിച്ചില്ല.

ഇത് എങ്ങനെയാണ് നിങ്ങളുടെ ക്രിസ്തീയ ജീവിതത്തിൽ പ്രായോഗികമാക്കുന്നത്? നിങ്ങളുടെ മനസ്സാക്ഷിയിൽ റഫറി ഒരു വിസിൽ ഊതിയതായി നിങ്ങൾ കണ്ടെത്തുമ്പോൾ, നിങ്ങൾ എന്തോ തെറ്റു ചെയ്തിട്ടുണ്ട്. ഒരുപക്ഷേ നിങ്ങൾ നിങ്ങളുടെ ഭാര്യയോട് പരുഷമായ രീതിയിൽ സംസാരിച്ചിരിക്കാം. അല്ലെങ്കിൽ അന്യായമായി നിങ്ങൾ എടുത്ത ആ പണമായിരിക്കാം. ഒരിക്കൽ വിസിൽ ഊതപ്പെട്ടു കഴിഞ്ഞാൽ, നിങ്ങൾ കർത്താവിനായി എന്തെല്ലാം ചെയ്താലും അതൊന്നും കണക്കിലെടുക്കുന്നില്ല. കർത്താവു പറയുന്നു: ''മടങ്ങി വരിക, തെറ്റിപ്പോയ കാര്യങ്ങൾ ആദ്യം ശരിയാക്കുക.'' പോയി നിന്റെ ഭാര്യയോടു ക്ഷമ ചോദിക്കുക. ഒരു സുവിശേഷീകരണവും വേണ്ട, ആദ്യം നിന്റെ ഭാര്യയോടു ക്ഷമ ചോദിക്കുക. നീ നേടിയ ഗോളുകൾ ഒന്നും എണ്ണപ്പെടുകയില്ല.

ക്രിസ്തുവിന്റെ സമാധാനം നിങ്ങളുടെ റഫറി ആയിരിക്കട്ടെ. നിങ്ങൾ ആ റഫറിയെ അനുഗമിച്ചാൽ നിങ്ങൾ ഒരിക്കലും തെറ്റിപ്പോകയില്ല. നിങ്ങൾ ഈ റഫറിയെ അനുസരിക്കുന്നതിനു വേണ്ടി എത്ര സമയമാണ് കാത്തിരിക്കുവാൻ പോകുന്നത്? ഫുട്ബോൾ മത്സരത്തിൽ കളിക്കാൻ റഫറിയുമായി തർക്കിക്കുന്നതു നിങ്ങൾ കണ്ടിട്ടുണ്ടോ? എന്നാൽ റഫറിയാണ് ആ തർകത്തിൽ എപ്പോഴും വിജയിക്കുന്നതെന്ന് ഓർക്കുക. എപ്പോഴും റഫറിയുടെ വാക്കുകളാണ് അന്തിമം. കൂടുതൽ തർക്കിച്ചാൽ കളിക്കാർ കളിക്കളത്തിൽ നിന്നു പുറത്താക്കപ്പെടുന്നു. അതുകൊണ്ടു നിങ്ങളുടെ റഫറിയോടു കൂടുതൽ തർക്കിക്കരുത്, അയാൾ നിങ്ങളെ കളിക്കളത്തിൽ നിന്നു പുറത്താക്കും. ''ശരി, കാർത്താവേ, അവിടുന്നു പറയുന്നതു

ഞാൻ ചെയ്യും,'' എന്നു പറയുക. കാര്യങ്ങൾ നേരെയാക്കുക. അതിനു ശേഷം നിങ്ങൾ മുമ്പോട്ടു നീങ്ങുക. വിസിൽ ഊതപ്പെട്ടു എന്നു നിങ്ങൾ എങ്ങനെയാണെന്നറിയുക? നിങ്ങൾക്കു നിങ്ങളുടെ സമാധാനം നഷ്ടപ്പെടും. സമാധനമാണു റഫറി. നിങ്ങൾ എന്തിനെയെങ്കിലും കുറിച്ചു മനോക്ഷോഭത്തിലോ, പ്രായസത്തിലോ ആയിട്ട് അതുമായി നിങ്ങൾ സഭായോഗത്തിനു വന്നാൽ, നിങ്ങളുടെ വായ് തുറക്കരുത്. വീട്ടിലാണെങ്കിലും, ഏതെങ്കിലും കാര്യത്തെക്കുറിച്ചു നിങ്ങൾ അസ്വസ്ഥനാണെങ്കിൽ, നിങ്ങളുടെ ഭാര്യയെ അനുഗ്രഹിക്കാനുള്ള ഏറ്റവും നല്ല മാർഗ്ഗം നിങ്ങളുടെ വായ് അടച്ചിരിക്കുക എന്നതാണ്. നിങ്ങൾ അസ്വസ്ഥനാകുമ്പോൾ റഫറി വിസിൽ ഊതിയിട്ടുണ്ട്. അപ്പോൾ ആ തെറ്റു ശരിയാക്കുക. നിങ്ങളുടെ ഹൃദയം അസ്വസ്ഥമാക്കുന്ന ഓരോ സമയത്തും എന്തെങ്കിലും കാര്യം തെറ്റിയിട്ടുണ്ട്. ക്രിസ്തുവിന്റെ സമാധാനം നിങ്ങളുടെ റഫറി ആയിരിക്കട്ടെ!